**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6237** **17-03-2023 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഐ ബി സതീഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ കേന്ദ്രം രൂപീകരിക്കുന്ന ദേശീയതല സഹകരണ സംഘങ്ങളിൽ അംഗത്വമെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്നും ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പുതുതായി 3 സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>1. മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ് സ്പോർട്ട് സൊസൈറ്റി<br>2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br>എന്നിവയാണ് ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങൾ.<br>ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കാമെന്നും വ്യവസ്ഥയുണ്ട്. കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ സംസ്ഥാന നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അംഗത്വമെടുക്കുന്നത് യഥാർത്ഥത്തിൽ സഹകരണ നിയമത്തിന് വിരുദ്ധമാണ്. ആയതിനാൽ നിർദ്ദേശത്തിൽ വിശകലനം നടത്തുന്നതാണ്. |
| (ബി) | സംസ്ഥാന സർക്കാർ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിലേക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) യുടെ അടിസ്ഥാനത്തിൽ Tender നടപടികളിലേയ്ക്ക് കടക്കുകയുണ്ടായി. ടെണ്ടറിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ലഭിച്ച ബിഡുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ